# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 4709 — 28.06. 2013 -ൽ മറുപടിയ്ക്ക്

## കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. രാജു | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) | കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കുന്ന നിയമഭേദഗതി നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 101, 102 പ്രകാരം പുതിയ കെട്ടിട നിർമ്മാണങ്ങളിൽ മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | എത്ര ചതുരശ്രമീറ്റർ വിസ്തൃതിയിൽ കൂടുതൽ ഉള്ള കെട്ടിടങ്ങൾക്കാണ് പ്രസ്തുത നിബന്ധന നിർബന്ധമാക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (ബി) | വാസഗൃഹവിഭാഗത്തിൽ 150 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും കച്ചവടം/വാണിജ്യവിഭാഗ കെട്ടിടങ്ങളിൽ 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും ലോഡ്ജിംഗ് ഹൗസുകൾ, വിദ്യാഭ്യാസ വിഭാഗം കെട്ടിടങ്ങൾ, മെഡിക്കൽ ആശുപത്രി വിഭാഗം കെട്ടിടങ്ങൾ, സമ്മേളന വിഭാഗം കെട്ടിടങ്ങൾ, ആഫീസ്/ബിസിനസ്സ് ആവശ്യ കെട്ടിടങ്ങൾ എന്നിവയ്ക്കും മഴവെള്ള സംഭരണി നിർബന്ധമാക്കിയിട്ടുണ്ട്. വ്യവസായ വിഭാഗം കെട്ടിടങ്ങൾ (വർക്ക്ഷോപ്പുകൾക്കും അസംബ്ലി പ്ലാന്റുകൾക്കും ലാബോറട്ടറികൾക്കും ഡ്രൈക്ലീനിംഗ് പ്ലാന്റുകൾക്കും പവർ പ്ലാന്റുകൾക്കും ഗ്യാസ് പ്ലാന്റുകൾക്കും റിഫൈനറികൾക്കും ഡെയറികൾക്കും ഭക്ഷ്യവസ്തുക്കൾ സംസ്കരണ യൂണിറ്റുകൾക്കും സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു ഒക്യുപ്പൻസികൾക്കും മാത്രം) ഹാനികര വിഭാഗം കെട്ടിടങ്ങൾ (ഓട്ടോമൊബൈൽ വാഷ് സ്റ്റാളുകളും ഓട്ടോമൊബൈൽ സർവ്വീസ് സ്റ്റേഷനുകളും അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുന്നതിനുള്ള സൗകര്യങ്ങളോടു കൂടിയ സർവ്വീസ് ഗ്യാരേജുകളിലും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന |

മറ്റേതൊരു ഒക്യുപ്പൻസിയും) എന്നീ വിഭാഗങ്ങളിലും മഴവെള്ള സംഭരണി നിർബന്ധമാണ്.

| | |
|---|---|
| (സി) മഴവെള്ള സംഭരണികൾ നിർബന്ധമാക്കുന്നതിനോടൊപ്പം ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം കൂടി അനുവദിക്കുന്നത് പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ